(സി) 13 പേരെ നിയമിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. പയ്യന്നൂർ, ഗുരുവായൂർ, ചാവക്കാട്, തളിപ്പറമ്പ്, വൈക്കം എന്നീ മുനിസിപ്പാലിറ്റികളിലായി 5 പേരെ നിയമിച്ചിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) ഉണ്ട്. ശ്രീ. കെ. വിജയകുമാരൻ, ശ്രീമതി സി. സുമംഗലാദേവി എന്നിവരെയാണ് യഥാക്രമം ഗുരുവായൂർ, വൈക്കം എന്നീ മുനിസിപ്പാലിറ്റികളിൽ താൽക്കാലിക സെക്രട്ടറിമാരായി പുനർനിയമനം നൽകിയത്.

(എച്ച്) പിന്നീടുണ്ടായ രണ്ട് ഒഴിവുകൾ പി.എസ്.സി. യെ അറിയിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസന്നമായ പൊതു തെരഞ്ഞെടുപ്പ് സംബന്ധിച്ച ജോലികൾ പൂർത്തിയാക്കേണ്ടതുണ്ട്. പി.എസ്.സി. യിൽ നിന്നും അഡ്വൈസ് ലഭിച്ചു വരുന്നവരെ മൂന്നുമാസത്തെ ട്രെയിനിംഗ് നൽകിയശേഷമാണ് നിയമിക്കുന്നത്. ഈ സാഹചര്യത്തിലാണ് രണ്ടുപേർക്ക് പിന്നീടുണ്ടായ രണ്ട് ഒഴിവുകളിൽ പുനർനിയമനം നൽകിയിട്ടുള്ളത്.

(ഐ) & (ജെ) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസന്നമായ തെരഞ്ഞെടുപ്പു സംബന്ധിച്ച വാർഡു വിഭജനം, വോട്ടർപട്ടിക പുതുക്കൽ തുടങ്ങിയ പ്രവർത്തികൾ നടന്നുവരുന്നതിനിടയിലാണ് രണ്ടുപേരെ റിവർട്ടു ചെയ്തതും പിന്നീടുണ്ടായ ഒഴിവുകളിൽ പുനർ നിയമനം നൽകിയതും. നഗരസഭകളിൽ നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിന് മുന്നോടിയായി സമയബന്ധിതമായി പൂർത്തിയാക്കേണ്ട പ്രധാന ജോലികൾ അടിയന്തിരമായി ചെയ്തു തീർക്കുവാൻ പ്രാപ്തരായ മുൻസിപ്പൽ സെക്രട്ടറിമാരുടെ മേൽനോട്ടം ഓരോ നഗരസഭയുടെയും പ്രത്യേകത പരിഗണിച്ച് അത്യന്താപേക്ഷിതമാണെന്ന വസ്തുതകൂടി കണക്കിലെടുത്താണ് അവശ്യം വേണ്ട ചില സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുള്ളത്.

മാവൂർ ഗ്രാമപഞ്ചായത്തിനെ റൂറൽ ഏരിയയായി പ്രഖ്യാപിക്കുന്നതിന് നടപടി

93 [2525] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിനെ റൂറൽ ഏരിയയായി പ്രഖ്യാപിച്ച് ഈ ഭാഗത്തെ ടെലഫോൺ വരിക്കാരിൽനിന്നും ഈടാക്കുന്ന അധിക വാടക കുറയ്ക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത പരാതിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലുള്ള ഫയൽ തുടർ നടപടികൾക്കായി 25-6-2005 തീയതിയിൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

തീരപഥം പദ്ധതി നടപ്പിലാക്കാൻ നടപടി

94 [2526] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗര വികസനത്തിന്റെ ഭാഗമായി തീരപഥം എന്നൊരു പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ മതിപ്പ് ചെലവ് എത്ര രൂപയാണ്;

(സി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകദേശം 1950 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) 16.50 കി. മീ. നീളമുള്ള ആക്കുളം മുതൽ കോവളം വരെയുള്ള പാർവ്വതി പുത്തനാർ കനാൽ ശുദ്ധീകരിച്ച് കനാലിനിരുവശത്തും 32 ചതുരശ്ര കി. മീ. പ്രദേശത്ത് ടൂറിസം പദ്ധതികൾ നടപ്പാക്കാനാണ് പ്രധാനമായും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കനാലിന്റെ ഇരുവശത്തും സ്വാഭാവിക പൂന്തോട്ടം, പൈതൃക പ്രാധാന്യമുള്ള കെട്ടിട സമുച്ചയങ്ങളുടെ പരിപാലനം എന്നിവയ്ക്ക് വേണ്ടിയുള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രദേശത്തിനെ ഒരു സമഗ്രമായ ഇക്കോ-ഫ്രണ്ട്ലി ടൗൺഷിപ്പായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റുകൾ

95 [2527] *ശ്രീ. വി. കെ. സി. മമ്മത് കോയ:*

,, സാജുപോൾ:

,, കെ. പി. സതീശ് ചന്ദ്രൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly